## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1045 28.04.2017 ലെ മറുപടി**

**ചെങ്ങണാംകുന്ന് തടയണ പ്രവൃത്തി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.യു.ആർ.പ്രദീപ്:** | **മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) തൃശ്ശൂർ ജില്ലയിലെ ദേശമംഗലം, പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ എന്നീ പഞ്ചായത്തുകളിലെയും സമീപ പഞ്ചായത്തുകളിലെയും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള ചെങ്ങണാംകുന്ന് തടയണ പ്രവൃത്തി ഇപ്പോൾ മുടങ്ങിക്കിടക്കുകയാണെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;<br><br>(ബി) ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള, പാലക്കാട് ഡിവിഷന്റെ കീഴിൽ വരുന്ന ഈ തടയണ പ്രവൃത്തി മുടങ്ങിക്കിടക്കാൻ കാരണമെന്താണ്; | (എ)&(ബി)<br><br>പ്രവൃത്തി പുരോഗതിയിലാണ്.<br><br>എസ്റ്റിമേറ്റിൽ ചില വ്യതിയാനങ്ങൾ അത്യാവശ്യമായി വന്നതിനാൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടി വന്നു. |
| (സി) വേനൽകാലത്തുമാത്രമേ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ എന്നതു കണക്കിലെടുത്ത് ചെങ്ങണാംകുന്ന് തടയണ പ്രവൃത്തി പൂർത്തീകരിക്കുവാൻ ആവശ്യമായ നിർദ്ദേശം ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (സി) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)യിൽ നിന്നും ലഭിച്ച പുതുക്കിയ പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ